# 6

# “നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവു”

## (2:12- 22)

ദുഃഖകരമായ സംഭവങ്ങൾ നമ്മെ ആഴത്തിൽ വേദനിപ്പിക്കുകയും അതു ജീവിതത്തിലെ മറ്റു വശങ്ങളിലേക്കു വ്യാപിക്കാറുണ്ട്. നമുക്ക് ഇഷ്ടമുള്ള ആളുകൾ അല്ലെങ്കിൽ ആദരണീയരായ അദ്ധ്യക്ഷന്മാർ പെട്ടെന്നു മയക്കുമരുന്നിനു അടിമപ്പെട്ടു എന്നു കേൾക്കുമ്പോഴോ, അന്യായമായ വ്യാപാരത്തിലേർപ്പെട്ടെന്നോ അല്ലെങ്കിൽ അധാർമിക നായി എന്നോ വീട്ടിൽ അക്രമം പ്രവർത്തിക്കുന്നു എന്നോ കേട്ടാൽ നമുക്ക് ഞെട്ടലുണ്ടാകും. നാം വാസ്തവത്തിൽ ആരെയെങ്കിലും അറിയുമോ എന്നു അതിശയിച്ചു പോകും: നമ്മുടെ പങ്കാളി, നമ്മുടെ മക്കൾ, നമ്മുടെ സഹോദരന്മാർ അല്ലെങ്കിൽ സഹോദരിമാർ, അല്ലെങ്കിൽ നമ്മെത്തന്നെ എടുക്കാം! അക്കാരണത്താലാണ് നാം നന്നായി അറിയുവാൻ ആഗ്രഹിക്കുന്നവരിൽനിന്നു അനുഭവിക്കുന്നത്. ഡെയിറ്റിങ്ങിലേർപ്പെടുന്ന വിദ്യാർത്ഥികളോടു യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്ന എനിക്കു അവരെ പലപ്പോഴും വ്യത്യസ്ത സാഹചര്യങ്ങളിൽ ആയിരിക്കുന്നവർക്ക് ഡെയിറ്റ് എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു അവരെ ഓർപ്പിക്കാറുണ്ട്. ജീവിതം നന്നായി പോകുമ്പോഴും അല്ലാത്തപ്പോഴും പരസ്പരം മനസിലാക്കണം. അവർ വിശ്രമിക്കുമ്പോഴും ക്ഷീണിച്ചിരിക്കുമ്പോഴും പരസ്പരം മനസിലാക്കണം. പല ദിശകളിലൂടെ നോക്കിയാൽ മാത്രമെ ആ വ്യക്തിയെ വാസ്തവത്തിൽ ശരിയായി അറിയുവാൻ സാധിക്കൂ.

ഈ പഠനത്തിലെ വേദഭാഗമായ, യോഹന്നാൻ 2:12–22, യേശുവിനെ മറ്റൊരു ദിശയിൽ നമുക്കു കാണാം. കാനാവിലെ കല്ല്യാണത്തിലേതിൽ നിന്നു വ്യത്യസ്തമായി ഈ സമയത്ത് വിസ്തൃതമായി, വ്യക്തിപരമല്ലാത്ത രീതിയിലാണ് കാണുന്നത്. ഈ വേദഭാഗം നമ്മെ കൊണ്ടു പോകുന്നത്, യെഹൂദവിശ്വാസകേന്ദ്രമായ, യെരുശലെം ദേവാലയത്തി

ലേക്കാണ്, അവിടെ വെച്ചാണ് പിന്നീടു യേശുവിനെ കുറ്റം വിധിച്ചു ക്രൂശിൽ തറയ്ക്കുന്നത്. ദൈവപുത്രൻ എന്നവകാശപ്പെട്ടവനെ ഇതു ശ്രദ്ധിച്ചു നിരീക്ഷിച്ചാൽ മറ്റൊരു ദിശയിൽ നമുക്കു കാണാൻ കഴിയും. നാം മുമ്പു യേശുവിനെ അറിഞ്ഞതിൽ കൂടുതൽ അറിയുവാൻ ഈ ഭാഗം നമ്മെ സഹായിക്കും.

**നാം അവന്റെ അത്യാചാരം കാണുന്നു (2:12-16)**

ഈ സംഭവങ്ങൾ നടക്കുന്നത് പെസ്സഹാ സമയത്താണ് (2:13). ഓരോ യെഹൂദനും വർഷത്തിൽ സംബന്ധിക്കേണ്ട മൂന്നു ആഘോഷങ്ങളിൽ ഒന്നായിരുന്നു ഇത്. മോശെയുടെ കാലത്ത് ദൈവം അവരെ മിസ്രയിമിൽനിന്നു വിടുവിച്ചു കൊണ്ടു വന്നു എന്നും യെഹൂദജനമായി അവർ നിലനിന്നതിനെയും ഓർക്കുവാനായിരുന്നു അത്. സാധാരണ നിലയിൽനിന്നു പെസഹാ പെരുന്നാളിൽ ജനങ്ങൾ നിറഞ്ഞിരിക്കും. പുരുഷാരം ആളുകളെ ആവേശഭരിതരാക്കും; വർഷങ്ങൾ കടന്നു പോയപ്പോൾ, അവർ പ്രതീക്ഷിച്ച മശ്ശിഹയും ജനിച്ചു വളർന്നു.[1] “മശ്ശിഹ ഈ വർഷം വരുമോ?” എന്നു ആളുകൾ പരസ്പരം ചോദിക്കുവാൻ തുടങ്ങി. ചില കാരണത്താൽ, അവൻ പെസഹാ സമയത്തു വരും എന്നു ഊഹിക്കുന്നതിൽ തെറ്റില്ല!

യിസ്രായേലിന്റെ ചരിത്രത്തിൽ മൂന്നാമത്തെ ദൈവാലയത്തിലായിരുന്നു യേശു ചെന്നത്. ശലോമോനും, സെരുബാബേലും പണിതശേഷം മഹാനായിരുന്ന ഹെരോദാവു പണിതു, അയാളുടെ പേരിൽ അറിയപ്പെടുന്നതായിരുന്നു ആ ദൈവാലം. ഈ സമയം യേശു ആ ദൈവാലയത്തിൽ ചെന്നപ്പോൾ നാല്പത്തി - ആറു വഷമായി അതിന്റെ പണി തുടങ്ങിയിട്ട് (2:20). അതു പൂർത്തിയാക്കുവാൻ പിന്നെയും മുപ്പത്തി - അഞ്ചു വർഷമെടുത്ത് ഏ.ഡി. 64-ൽ തീർത്തു. ദൈവാലയ തറ ഒരു വിശാലമായ മുറ്റം ഉൾപ്പെടുന്നതാണ്, ദൈവാലയത്തിലേക്കു തന്നെ മതിലുകളുമുണ്ട്.[2] ദൈവാലയമറയിലെ ആദ്യത്തെ മുറ്റം ജാതികളുടെ പ്രാകാരമാണ്. ആർക്കും ഇവിടെ പ്രവേശിക്കാം. അതിനപ്പുറം സ്ത്രീകളുടെ പ്രാകാരമാണ്, അവിടെ യെഹൂദന്മാർക്കു മാത്രമെ പ്രവേശനമുള്ളൂ. അടുത്ത വാതിൽ യിസ്രായേലിന്റെ പ്രാകാരത്തിലേക്കുള്ളതാണ്. അവിടെ യെഹൂദ പുരുഷന്മാർക്കു മാത്രമെ പോകാവു. അവസാനത്തെ പ്രാകാരത്തിൽ, യെഹൂദപുരോഹിതന്മാർക്കു മാത്രമെ പ്രവേശിക്കാവൂ. ഇതാണ് “ദൈവാലയം” എന്നു കേൾക്കുമ്പോൾ നമ്മുടെ മനസിലേക്കു വരുന്ന ചിത്രം.

ജാതികളുടെ പ്രാകാരത്തിൽ എല്ലാവർക്കും പ്രവേശിക്കാമെന്നുള്ളതുകൊണ്ട്, അവിടെയാണ് കച്ചവടക്കാരും പണ - മിടപാടുകാരും അവരുടെ താവളം ഉറപ്പിക്കുന്നത്. ദൂരസ്ഥലങ്ങളിൽനിന്നു വരുന്ന ആരാധകർ അവിടെ വന്നാണ് യാഗമർപ്പിക്കുവാൻ മൃഗങ്ങളെ വാങ്ങുന്നത്, അതുകൊണ്ട്, ആടുകൾ, പശുക്കൾ, പ്രാവുകൾ എന്നിവയുടെ നല്ല വ്യാപാരമാണ്. ഇരുപതു വയസ്സിനു മുകളിലുള്ള ഓരോ യെഹൂദനും ദൈവാലയനികുതി കൊടുക്കണം. അതു പണ - മിടപാടുകാർക്കു നല്ല കച്ചവടമാണ്. ഇവയെല്ലാം നടക്കുന്നതുകൊണ്ട് ദൈവാലയപ്രാകാരം

ശബ്ദകോലാഹലവും കുഴപ്പവും നിറഞ്ഞതായിരുന്നു, എന്നാൽ ആ സമയമായപ്പോഴേക്ക് അതെല്ലാം ആളുകൾ സാധാരണ പോലെ കരുതി സ്വീകരിച്ചിരുന്നു. അപ്പോഴാണ് യേശുവിന്റെ വരവ്.

യേശു ദൈവാലയത്തിൽ ചെന്നപ്പോൾ മറ്റെല്ലാവരിൽ നിന്നു വ്യത്യ സ്തമായിട്ടാണ് അവൻ കണ്ടത്. യോഹന്നാൻ എഴുതി,

> കയറുകൊണ്ടു ഒരുചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടും കൂടെ എല്ലാവരേയും ദൈവാലയത്തിൽനിന്നു പുറത്താക്കി; പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു മേശകളെ മറിച്ചിട്ടു; പ്രാവുകളെ വില്ക്കുന്നവരോടു **"**ഇതു ഇവിടെ നിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റ ആലയത്തെ വാണിഭശാല ആക്കരുത്**"** എന്നു പറഞ്ഞു **(**2:15, 16**)**.

ദൈവാലയശുദ്ധീകരണത്തെക്കുറിച്ചു മത്തായിയും, മർക്കൊസും, ലൂക്കൊസും വിവരിക്കുമ്പോൾ, യേശു കച്ചവടക്കാരെക്കുറിച്ചു പറഞ്ഞത്, അവർ ദൈവാലയത്തെ **"**കള്ളന്മാരുടെ ഗുഹയാക്കി**"** മാറ്റി എന്നാണ്,[3] അതു സൂചിപ്പിക്കുന്നതു സത്യരഹിതമായ കച്ചവടത്തെ യേശു കോപത്തോടുകൂടെയാണ് നേരിട്ടത്. എങ്ങനെയായാലും, യോഹന്നാൻ സൂചിപ്പിച്ചത്, ദൈവാലയത്തിൽ *ഏതൊരു* കച്ചവടത്തെയും യേശു എതിർത്തു എന്നാണ്. ദൈവാലയം രൂപപ്പെടുത്തിയതു പ്രാർത്ഥനാലയം ആയിട്ടും, ലോകത്തിലുള്ള എല്ലാവർക്കും വന്നു ആരാധിക്കുന്നതിനുമായിരുന്നു. അവിടം ഒരു എംപോറിയം അല്ലെങ്കിൽ ചന്ത ആയിട്ടേ യേശുവിനു കാണാൻ കഴിഞ്ഞുള്ളു. ആ സാഹചര്യത്തിൽ അവൻ കച്ചവടക്കാരെയും മൃഗങ്ങളെയും ഓടിച്ചതുകൊണ്ടു ചാരിതാർത്ഥ്യമടഞ്ഞു കാണും.

ജീവിതത്തിൽ യേശുവും പൗലൊസും;[4] കോപത്തെ വിലക്കിയിട്ടുണ്ട്, എന്നാൽ ചില അവസരത്തിൽ, കോപിച്ചിട്ടുണ്ട് – എന്നാൽ പാപം കൂടാതെയത്രെ.[5] ഈ രണ്ടു വിധത്തിലുള്ള കോപത്തിലുള്ള വ്യത്യാസം എന്താണ്? ഒരാളിലേക്കു സ്പഷ്ടമായി കോപം വരുന്നത്, മാനുഷികമായ അല്പത്വം, ഭദ്രതയില്ലായ്മ, നിരുൽസാഹം എന്നിവ കൊണ്ടാണ്. നേരെ മറിച്ച്, ദൈവികകോപം വരുന്നത്, ആളുകൾ ഉപദ്രവിക്കപ്പെടുകയോ അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രവൃത്തിയാൽ ദൈവത്തിൽ നിന്ന കറ്റുകയോ ചെയ്യുമ്പോഴാണ്. ദൈവാലയത്തിൽ സംഭവിച്ച മാറ്റം ആളുകളെ ദൈവത്തിൽനിന്നകറ്റിയതായി യേശു കണ്ടു, അത് അവനു സഹിക്കുവാൻ കഴിഞ്ഞില്ല!

ദൈവാലയത്തിൽ കണ്ട കാഴ്ച്ച, നാം ആരാധിക്കുവാൻ വരുമ്പോൾ നമ്മുടെ സഹോദരങ്ങളോടു പെരുമാറുന്നതുമായി ഒന്നു തുലനം ചെയ്യാം. എനിക്കു പലരെയും, പ്രത്യേകിച്ചു ഡോക്ടർമാരെയും കച്ചവടക്കാരെയും അറിയാം, അവർക്കു ആരാധനക്കു വരുമ്പോൾ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്, ആളുകൾ അവരോടു ബിസിനസ് സംബന്ധമായ ചോദ്യങ്ങൾ ചോദിക്കും. അവർ വരുവാൻ ആഗ്രഹിക്കുന്നതു **"**പ്രാർത്ഥനാലയത്തിൽ**"** വരുവാനാണ്, പക്ഷെ കാണുന്നത് ഒരു

“വ്യാപാരാലയം” ആണ്. ഇടയ്ക്കിടക്ക് നമ്മുടെ ആരാധനാ സ്ഥലം ബിസിനസ് പുറത്താക്കി തടസ്സം കൂടാതെ എല്ലാവർക്കും ആരാധിക്കുവാൻ നമ്മെ ഓർപ്പിക്കേണം.

നാം നമ്മുടെ ജീവിതത്തിൽ, യേശുവിന്റെ ദൈവാലയത്തിലെ പെരുമാറ്റം പ്രായോഗികമാക്കേണ്ടത്, “ഞാൻ കോപിക്കുന്ന സാഹചര്യം യേശുവിനു കോപമുണ്ടാകുമോ?” എന്നാണ് നമ്മോടു തന്നെ ചോദിക്കേണ്ടത്. യേശുവിനു കോപമുണ്ടാകാത്ത സാഹചര്യത്തിൽ കോപിക്കുവാനും യേശുവിനു കോപമുണ്ടായതുപോലെയുള്ള സാഹചര്യത്തിൽ ശാന്തരാകുവാനും ആണ് നാം പരീക്ഷിക്കപ്പെടുന്നത്. യേശുവിന്റെ കോപം ശരിയായതും, ക്രിയാത്മകവും കേന്ദ്രീകൃതവുമായിരുന്നു. അവൻ അങ്ങനെ പെരുമാറിയത് മറ്റുള്ളവരെക്കുറിച്ചുള്ള കരുതലും സ്നേഹവും നിമിത്തമായിരുന്നു.

നമുക്ക് മിക്കപേർക്കും കോപം എന്ന പ്രശ്നം ഉണ്ട്. ചിലരുടെ ജീവിതത്തിൽ കോപം വരുന്നത് അധികവും തെറ്റായ കാര്യങ്ങളാലാണ്. വേറെ ചിലരിൽ ദൈവികമായ കോപത്തിന്റെ - അടുത്തുപോലും എത്താത്തതാണ്. ഉദാഹരണമായി നിങ്ങളുടെ രാജ്യം ധാർമ്മികത കുറഞ്ഞു വരുവാൻ നിങ്ങൾ വോട്ടു ചെയ്യുമോ? അമേരിക്കയിൽ 1990-ൽ സ്വവർഗ്ഗരതിയെ അനുകൂലിച്ചു 90 ശതമാനം പേരും പ്രതികൂലിച്ചു 35 ശതമാനം പേരും വോട്ടു ചെയ്തു. അത്തരം നിർവ്വികാരത വരുമ്പോൾ, ദൈവിക കോപം ആവശ്യമെന്നു തെളിയിക്കുന്നു.

ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സംബന്ധിച്ചു എന്തു പറയുന്നു? അവരുടെ ദുർഗതി കണ്ടു ഹൃദയത്തിൽ കോപം തോന്നി എന്തെങ്കിലും ചെയ്യുവാൻ നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? നമ്മുടെ സംസ്കാരത്തിൽ ആശാവഹമായ പ്രവണത കണ്ടു വരുന്നതായി അടുത്ത സമയത്ത് ജെയിംസ് ഡോബ്സൺ പറയുകയുണ്ടായി. അദ്ദേഹം നിരവധി യുവാക്കൾ, സ്വയം - ഭ്രൂണഹത്യ നടത്തിയ മാതാപിതാക്കളോടു കോപിഷ്ടരാകുയും അവർ തലമുറയെക്കാൾ വിവാഹമോചനത്തിനെതിരായിരിക്കുന്നു എന്നു പറഞ്ഞു! അവർക്കു കോപം ക്രിയാത്മക ഉദ്ദേശത്തിനായിരുന്നു.

ദേശങ്ങളിന്മേലുള്ള സാത്താന്റെ ശക്തിയെക്കുറിച്ചെന്തു പറയുന്നു? യുദ്ധം, രോഗം, പട്ടിണി, ആവശ്യങ്ങൾ നേരിടുമ്പോൾ, അവരെ സഹായിക്കുവാനുള്ള കോപം നിങ്ങളിലുണ്ടായിട്ടുണ്ടോ? സാത്താൻ ലോകത്തെ തന്റെ വഴിക്കു നീക്കുമ്പോൾ നിങ്ങൾ അനങ്ങാതെ ഇരിക്കുമോ?

ദൈവം നമ്മെ ദേഷ്യമുള്ള ആളുകളാക്കി മാറ്റട്ടെ - കൂടുതൽ സഹതപിക്കുന്നവരായിട്ടല്ല, കൂടുതൽ സ്വയം - ലയിക്കുന്നതിലല്ല, കൂടുതൽ നിരാശപ്പെടുന്നതിലുമല്ല, ലോകത്തിലുള്ള വേദനയോടാണ്. സ്നേഹിക്കുവാൻ തക്ക കോപം നമ്മിൽ ഉണ്ടാകുമാറാകട്ടെ!

### അവന്റെ തിരിച്ചറിയലിന്റെ ബോധം നാം കാണുന്നു (2:16, 17)

ഞാൻ പാർക്കിങ്ങ് സ്ഥലത്തേക്കു ചെന്നപ്പോൾ അവിടെ ഒരു കാർ

ഉന്തുവണ്ടി കൊണ്ടിടിച്ചു ചളുങ്ങിയിരിക്കുന്നതു ഒരു കാര്യം; എന്നാൽ ആ ചളുങ്ങിയ കാർ എന്റേതാണെങ്കിൽ അതു വ്യത്യസ്തമായ കാര്യമാകുന്നു! മറ്റാരുടെയെങ്കിലും മുറ്റത്തു ബിയർ ബോട്ടിൽ എറിഞ്ഞിരിക്കുന്നതു കാണുന്നതു ഒരു കാര്യം; അതു എന്റെ മുറ്റത്താണെങ്കിൽ തികച്ചും വ്യത്യസ്തമാണ്! പാർക്കിലെ ഒരു ബെഞ്ച് നടുവൊടിഞ്ഞു കിടക്കുന്നതു കാണുമ്പോൾ നമുക്കു അസഹ്യമായി തോന്നും; പക്ഷേ ആ നടുവൊടിഞ്ഞ ബെഞ്ച് എന്റേതാണെന്നറിയുമ്പോൾ അസഹ്യത വളരെ വർദ്ധിക്കും! നമ്മുടേതല്ലാത്ത കാര്യത്തിൽ നാം വളരെ കുറച്ചു മാത്രമെ താല്പര്യമെടുക്കാറുള്ളു. എന്നാൽ വസ്തു നമ്മുടേതാണെങ്കിലോ നാം അതു ഗൗരവമായെടുക്കും.

ദൈവാലയം ദുരുപയോഗം ചെയ്യുന്നതു യേശു കണ്ടപ്പോൾ, അവൻ അതു വ്യക്തിപരമായി കണ്ടു. "എന്റെ പിതാവിന്റെ ആലയം" എന്നാണ് അതിനെ വിളിച്ചത് (2:16). അവനു അതു യെഹൂദന്മാരുടെ വെറുമൊരു ആലയമായിട്ടോ, അല്ലെങ്കിൽ യെരുശലേമിലെ ഒരു കെട്ടിടമായിട്ടോ കാണാൻ കഴിഞ്ഞില്ല; അതു അവന്റെ പിതാവിന്റെ ആലയമായിരുന്നു. ആലയത്തിലെ കാഴ്ച്ച യേശുവിനെ അലോസരപ്പെടുത്തി, അതു ശിഷ്യന്മാരെ സങ്കീർത്തതനങ്ങൾ 69 ഓർമ്മിപ്പിച്ചു: "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നുകളഞ്ഞു" (വാക്യം 9). "തിന്നു" എന്ന വാക്ക് "വിഴുങ്ങുക" അല്ലെങ്കിൽ "ഭക്ഷിക്കുക" എന്ന ആശയമാണ് നൽകുന്നത്. അതു യേശുവിനു ഒരു പരസ്യ സ്ഥലത്തേക്കാൾ വലുതായിരുന്നു. അവർ ദൈവാലയത്തെ അശുദ്ധമാക്കിയതു, അവർ "യേശുവിനെ ജീവനോടെ തിന്നുകയായിരുന്നു" എന്ന അമേരിക്കൻ ചൊല്ല് അന്വർത്ഥമാക്കുന്നു. അതു അവന്റെ പിതാവിന്റെ ആലയമായിരുന്നു!

ദൈവാലയത്തിൽ സംഭവിച്ചത് വ്യക്തിപരമായി എടുത്തതിലൂടെ യേശു ആരായിരുന്നു എന്നു മനസിലാക്കിത്തരുന്ന സൂചനയുമുണ്ട്. "എന്റെ പിതാവിന്റെ ആലയം" വാണിഭശാലയാക്കി എന്നു പറഞ്ഞപ്പോൾ, അവൻ ആ വാക്കുകളിൽ പറഞ്ഞത്, "ഞാൻ ദൈവപുത്രൻ ആകുന്നു" എന്നാണ്. സുവിശേഷത്തിന്റെ അവസാനത്തിൽ നാം വിശ്വസിക്കണമെന്നു യോഹന്നാൻ ആവശ്യപ്പെടുന്നതും ഈ അവകാശമാണ് (20:31).

നിങ്ങളോടു തന്നെ ചോദിക്കുക, "ദൈവീകകാര്യങ്ങളെ ഞാൻ എത്രമാത്രം തിരിച്ചറിയുന്നുണ്ട്?"; "ഞാൻ ഈ ലോകത്തെ 'എന്റെ പിതാവിന്റെ ലോകമായി' കാണുന്നുണ്ടോ?"; "ഞാൻ സഭയെ 'പിതാവിന്റെ സഭയായി' പ്രതിരോധിക്കാറുണ്ടോ?"; "സുവിശേഷം വ്യാപിപ്പിക്കുന്നതു, 'എന്റെ പിതാവിന്റെ ജോലി' യായി ഞാൻ കരുതുന്നുണ്ടോ?" പിതാവിനു പ്രാധാന്യമുള്ളതൊന്നും ലാഘവത്തോടെ കാണുവാൻ കഴിയുകയില്ല എന്നു യേശു കാണിച്ചിരിക്കുന്നു.

### തന്റെ ദൗത്യബോധം നാം കാണുന്നു
### (2:18-22)

യേശു ദൈവാലയത്തിൽ കാണിച്ച എരുവു എല്ലാവർക്കും ഇഷ്ട

മായില്ല. തങ്ങളുടെ വ്യാപാരത്തെ തടസപ്പെടുത്തുവാനും, സാധാരണ ചടങ്ങുകൾക്കു വിഘ്നം വരുത്തുവാനും, അവനു എന്തു അധികാരമാണുള്ളത്? അക്കാരണത്താൽ അവർ യേശുവിനോടു ചോദിച്ചു, "നിനക്കു ഇങ്ങനെ ചെയ്യാം എന്നതിനു നീ എന്തു അടയാളം കാണിച്ചു തരും എന്നു ചോദിച്ചു" (2:18). യേശു അതിനു അത്ഭുതമൊന്നും പ്രവർത്തിക്കാതെ അവരോടു, ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു (2:19). അവർ, നിന്നിരുന്നത്, വർഷങ്ങൾ എടുത്തു ടൺ കണക്കിനു ഭാരമുള്ള ചമരുകൾക്കുള്ളിലായിരുന്നു, അപ്പോൾ അത്തരം അവകാശമുന്നയിക്കുവാൻ ഒരു ഭ്രാന്തനു മാത്രമെ കഴിയൂ എന്നവർ കണക്കാക്കി. എന്നാൽ, യേശു തന്റെ ശരീരം "നശിപ്പിച്ചാൽ" ദൈവശക്തിയാൽ മൂന്നാം നാൾ "ഉയിർക്കപ്പെടുകയും ചെയ്യും" എന്നാണ് യേശു പറഞ്ഞതെന്നു യോഹന്നാൻ വിരിച്ചു പറഞ്ഞു (2:21).

യേശു ക്രൂശിൽ തറക്കപ്പെട്ടു മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്തശേഷം ശിഷ്യന്മാർ അവന്റെ വാക്കുകൾ ഓർത്തു. ഉയിർത്തെഴുന്നേൽപ് ഏറ്റവും വലിയ "അടയാളം" ആയിത്തീർന്നു. ഒരു അടയാളം കണ്ടപ്പോൾ, ശിഷ്യന്മാർ തിരുവെഴുത്തും അവന്റെ വാക്കുകളും "വിശ്വസിച്ചു" (2:22). ആ സമയത്ത്, യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളും അവർക്കു ബോധ്യമാകാൻ തുടങ്ങി.

**ഉപസംഹാരം**

യോഹന്നാന്റെ സുവിശേഷം നാം വായിക്കുമ്പോൾ, നാം സംഭവം ആരംഭിക്കുന്നതിനു മുൻപു തന്നെ ഉയിർത്തെഴുന്നേല്പുകൊണ്ടവസാനിപ്പിക്കയാണ്. അതിനെ തുടർന്നു, സുവിശേഷം മുഴുവൻ നാം വായിക്കുമ്പോൾ, യേശു ഉയിർത്തെഴുന്നേറ്റ ശേഷമാണ് ശിഷ്യന്മാരുടെ കണ്ണു തുറക്കുന്നത്. ഇന്നു നാം അതു വായിക്കുമ്പോൾ ഒന്നാം നൂറ്റാണ്ടിലെ ശിഷ്യന്മാർ പ്രതികരിച്ചതു പോലെ നാമും പ്രതികരിക്കണം എന്നാണ് ആത്മാവ് ഉദ്ദേശിക്കുന്നത്: യേശു, ക്രിസ്തുവും ദൈവപുത്രനും ആണെന്നു വിശ്വസിക്കയും; വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിത്യജീവനും ലഭിക്കാം!

---

കുറിപ്പുകൾ

[1]അത്ഭുതകരമായി 5000 പേരെ പോഷിപ്പിച്ചതും (യോഹന്നാൻ 6:1-15) ക്രിസ്തുവിനെ ക്രൂശിൽ തറച്ചതും പെസഹ ആഘോഷിക്കുന്ന സമയത്താണ് സംഭവിച്ചത്. [2]ഈ പുസ്തകത്തിലെ ദേവാലയത്തിന്റെ ചിത്രം നോക്കുക. [3]മത്തായി 21:13; മാർക്കൊസ് 11:17; ലൂക്കൊസ് 19:46. [4]മത്തായി 5:21-24; എഫെസ്യർ 4:25-32. [5]മർക്കൊസ് 3:5; എബ്രായർ 4:15.

© 2009 Truth for Today